**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 183** **24-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം മുന്നോട്ടുവയ്ക്കുന്ന വികസന മാതൃകയിൽ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ വളരെ പ്രധാനപ്പെട്ടതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരള മോഡൽ വികസന മാതൃകയുടെ നട്ടെല്ലാണ് സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനങ്ങൾ. അടിസ്ഥാന വികസന മേഖലയിൽ കേരളം കൈവരിച്ച വലിയ നേട്ടങ്ങൾക്ക് പിന്നിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് നിർണ്ണായകപങ്കുണ്ട്. കേരളത്തിലെ നവോത്ഥാന മുന്നേറ്റത്തിന്റെയും, സ്വാതന്ത്ര്യസമരത്തിന്റെയും, കർഷക പുരോഗമന പ്രസ്ഥാനത്തിന്റെയും പ്രവർത്തന ഫലമായാണ് സഹകരണ പ്രസ്ഥാനങ്ങൾക്ക് ശക്തമായ വേരോട്ടം ലഭിച്ചത്. സാധാരണക്കാർക്ക് ജോലിനൽകി ഉയർന്ന ജീവിത നിലവാരം പ്രധാനം ചെയ്യാനും സഹകരണ തത്വങ്ങളിൽ നിലയുറപ്പിച്ച് ആഗോള മുതലാളിത്ത ശക്തികൾക്കു ഒരു ബദലായും പ്രവർത്തിക്കാനും കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തെ ലോകനിലവാരത്തിലുള്ള സംസ്ഥാനമായി മാറ്റുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുള്ള അടിസ്ഥാന വികസന മേഖല, ഉയർന്ന ജീവിത നിലവാരം, വിദ്യാഭ്യാസ മേഖല, ആരോഗ്യ മേഖല തുടങ്ങി എല്ലാ മേഖലകളിലും സഹകരണ പ്രസ്ഥാനങ്ങളുടെ കയ്യൊപ്പ് കാണാൻ കഴിയും.<br><br>സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനും, സഹകരണ മേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉടൻ തന്നെ സേവനദാതാവുമായി കരാറിൽ ഏർപ്പെട്ട് നടപടികൾ പൂർത്തീകരിക്കുന്നതാണ്. വിവിധ ഘട്ടങ്ങളിലായി 18 |

മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

സഹകരണ ഓഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.inഎന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

സഹകരണ മേഖലയിലെ ചില ഒറ്റപ്പെട്ട ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി ബഹു. കേരള മുഖ്യമന്ത്രിയുടെ അവലോകനയോഗത്തിൽ സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് തത്വത്തിൽ സർക്കാർ അംഗീകാരം നൽകുകയും പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ ടീം ഓഡിറ്റ് ആരംഭിക്കുകയും ടി പദ്ധതി വൻ വിജയമായതിനെ തുടർന്ന് എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 14 ജില്ലാ സഹകരണ ബാങ്കുകളേയും ലയിപ്പിച്ച് "കേരള ബാങ്ക്" എന്ന ബ്രാൻഡ് നാമത്തിൽ ഒരൊറ്റ സ്ഥാപനമായി മാറുകയും കാർഷിക വ്യവസായിക മേഖലകളുടെ വളർച്ചക്കായി വിവിധതരം വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. കേരള ബാങ്കിന് പുതുതായി ഒരു ഏകീകൃത സോഫ്റ്റ് വെയറിൽ പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞു. കൂടാതെ ആധുനിക ബാങ്കിംഗ് സേവനങ്ങളായ ഡിജിറ്റൽ ബാങ്കിംഗ്, യു.പി.ഐ., മൊബൈൽ ബാങ്കിംഗ് എന്നിവ മിതമായ നിരക്കിൽ സാധാരണ ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞു. പ്രാഥമിക സഹകരണ സംഘങ്ങളുടെ ധന വിനിയോഗത്തിനായി പ്രത്യേകം മൊബൈൽ ആപ്ലിക്കേഷനും അവതരിപ്പിച്ചിട്ടുണ്ട്. കേരള

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പുതുതായി 500 ഓളം എ.റ്റി.എം. കൗണ്ടറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

യുവജനങ്ങളുടെ സ്വാശ്രയത്വവും, സാമൂഹിക, സാമ്പത്തിക സുരക്ഷയും ലക്ഷ്യമാക്കിക്കൊണ്ട് ജില്ലാതലത്തിൽ പ്രവർത്തന പരിധിയായി യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. യുവജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെ സഹായിക്കാനായി സംസ്ഥാനത്തൊട്ടാകെ വിവിധ സേവന മേഖലകളിലായി യുവജന സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും, യുവജനങ്ങളുടെ സാമ്പത്തിക, സാംസ്കാരിക ഉന്നമനം ലക്ഷ്യമിട്ടുമാണ് ഇത്തരം സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

സ്വകാര്യ ആശുപത്രികൾ ആരോഗ്യ മേഖലയെ ചൂഷണം ചെയ്യുന്ന സാഹചര്യത്തിലാണ് ജനപങ്കാളിത്തത്തോടെ സഹകരണ ആശുപത്രി സംഘങ്ങൾ കേരളത്തിൽ സജീവമായത്. കേരളത്തിന്റെ ആരോഗ്യ പരിപാലന രംഗത്ത് സഹകരണ മേഖല സ്തുത്യർഹമായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. ഗുണമേന്മയുള്ളസാന്ത്വന പരിചരണം ലക്ഷ്യമാക്കി സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കി വരുന്നു.

അഴിമതിരഹിതമായും സമയബന്ധിതമായും ഗുണമേന്മയോടെയും എന്നാൽ ചെലവുകൾ കുറച്ചും നിർമ്മാണങ്ങൾ നടത്താനുള്ള കേരളത്തിന്റെ ബദലാണ് തൊഴിൽക്കരാർ സഹകരണ സംഘങ്ങൾ. സംസ്ഥാനത്ത് നല്ല രീതിയിൽ പ്രവർത്തിക്കുന്ന അനവധി ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റികളുണ്ട്. ഐ.റ്റി. ഉൾപ്പെടെയുള്ള ആധുനിക വ്യവസായം വരെയുള്ള രംഗങ്ങളിലൊക്കെ സഹകരണ സംരംഭങ്ങൾ വളർന്നു വരികയുമാണ്.

ഊരാളുങ്കൽ സഹകരണ സംഘം ടൂറിസം വകുപ്പുമായി ചേർന്ന് തുടങ്ങിയ രാജ്യാന്തര നിലവാരത്തിലുള്ള ആർട്ട്സ്&ക്രാഫ്റ്റ്സ് വില്ലേജുകളും തൊഴിൽ വകുപ്പുമായി ചേർന്ന് നിർമ്മാണ രംഗത്തെ നൈപുണ്യവികസന സ്ഥാപനവും ക്വാളിറ്റി ടെസ്റ്റിംഗ് ലാബും പാർപ്പിട നിർമ്മാണ സ്ഥാപനവും സഹകരണ

മേഖലയ്ക്ക് മികവോടെ പ്രവർത്തിക്കാൻ കഴിയും എന്നതിന്റെ സാക്ഷ്യമാണ്

രോഗികൾക്ക് കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ കീഴിൽ നീതി മെഡിക്കൽ സ്റ്റോറുകൾ നടത്തിവരുന്നു.

കേരളത്തിലെ കാർഷിക മേഖലയിലെ അടിസ്ഥാന വികസനത്തിന് ഉതകുന്ന വായ്പാ പദ്ധതികൾ, ഗ്രാമീണ മേഖലയിലെ കാർഷിക വികസനത്തിനായിട്ടുള്ള വായ്പാ പദ്ധതികൾ എന്നിവ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് ഉതകും വിധം സഹകരണമേഖലയെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സഹകരണ വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാർക്കായി കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്.

സാഹിത്യകാരൻമാർക്കുവേണ്ടി സാഹിത്യകാരൻമാർ അംഗങ്ങളായി രൂപീകരിച്ച സഹകരണസംഘമാണ് സാഹിത്യപ്രവർത്തക സഹകരണസംഘം ക്ലിപ്തം നമ്പർ 2458. സാഹിത്യകാരൻമാരുടെ എഷ്യയിലെ തന്നെ ആദ്യത്തെ സഹകരണസംഘമാണിത്. കോട്ടയം ജില്ലയാണ് സംഘത്തിന്റെ ആസ്ഥാനം. അംഗങ്ങളായ സാഹിത്യകാരന്മാരുടെ കൃതികൾ പ്രസിദ്ധീകരിക്കുകയും മറ്റ് സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും കൃതികളുടെ വിതരണവും വില്പനയും സംഘം നടത്തുന്നുണ്ട്. ടി പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും വിറ്റഴിക്കുന്നതിന് സംഘത്തിന്റെ വിപണന വിഭാഗമായ നാഷണൽ ബുക്ക് സ്റ്റാൾ വഴിയാണ്.

കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സാഹിത്യ പ്രവർത്തക സഹകരണസംഘം നടപ്പിലാക്കുന്ന ബൃഹദ് പദ്ധതിയാണ് 'അക്ഷരമ്യൂസിയം' - Museum of Letter, Literature & Culture. സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിൽ കോട്ടയം നാട്ടകത്തുള്ള സ്ഥലത്താണ് മ്യൂസിയം നിർമ്മിക്കുന്നത്. ഭാഷയ്ക്കും സാഹിത്യത്തിനും

സംസ്കാരത്തിനും ഊന്നൽ നല്കിക്കൊണ്ട് വിഭാവനം ചെയ്യുന്ന പദ്ധതിയാണിത്. ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഊന്നൽ നല്കികൊണ്ട് വിഭാവനം ചെയ്യുന്ന 'അക്ഷര മ്യൂസിയം' ഇരുപത്തി അയ്യായിരം ചതുരശ്രഅടിയിലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. മ്യൂസിയം പൂർണ്ണമായും പരിസ്ഥിതി സൗഹാർദ്ദപരവും ഭിന്നശേഷി സൗഹാർദ്ദപരവുമായിരിക്കും. അന്തർ ദേശീയ നിലവാരത്തിൽ ആധുനികസാങ്കേതികവിദ്യ ഉപയോഗിച്ചാണ് മ്യൂസിയം നിർമ്മിക്കുന്നത്. നാലുഘട്ടങ്ങളിലായാണ് 'അക്ഷരമ്യൂസിയം' പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നത്. അക്ഷരനഗരിയായ കോട്ടയത്തെ അക്ഷരടൂറിസം ഹബ്ബ് ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സി.എം.എസ് കോളേജ്, സി.എം.എസ്. പ്രസ്സ്, മാന്നാനം പ്രസ്സ്, ദീപിക, മലയാള മനോരമ, ദേവലോകം അരമന, പഴയസെമിനാരി, താഴത്തങ്ങാടി ജുമാമസ്ജിദ്, പനച്ചിക്കാട് ദക്ഷിണ മൂകാംബികാക്ഷേത്രം, സ്ഥലങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് 'അക്ഷര മ്യൂസിയം' കേന്ദ്രീകരിച്ച് ഒരു ടൂറിസം സർക്യൂട്ടും ഈ പദ്ധതിയോടനുബന്ധിച്ച് വിഭാവനം ചെയ്യുന്നു. ഒന്നാംഘട്ടം-'വരയിൽ നിന്ന് ശ്രേഷ്ഠതയിലേക്ക്'. രണ്ടാംഘട്ടം 'കവിത'. മൂന്നാംഘട്ടം-'ഗദ്യസാഹിത്യം'. നാലാംഘട്ടം-'വൈജ്ഞാനികസാഹിത്യം' എന്നിവയാണ്. ഒമ്പതരക്കോടി രൂപയാണ് ഒന്നാംഘട്ടത്തിന്റെ പദ്ധതി അടങ്കൽ തുക. 25.02.2022-ന് സഹകരണവകുപ്പ് മന്ത്രി ഇന്ത്യാപ്രസ്സ് കോമ്പൗണ്ടിൽ ടി കെട്ടിടത്തിന്റെ തറകല്ലിടൽ കർമ്മം നിർവ്വഹിച്ചു. മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ULCCS (ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണസംഘം) ആണ് നിർമ്മാണ പ്രവർത്തികൾ നടത്തുന്നത്. മ്യൂസിയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള വിവിധ കമ്മിറ്റികളുടെയും കേരള മ്യൂസിയത്തിന്റെയും മേൽനോട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

**റൈസ് മിൽ പദ്ധതി**

റൈസ് മിൽ പദ്ധതി ആരംഭിച്ചു. കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കോട്ടയം ആസ്ഥാനമായി പാലക്കാട് ജില്ല ഒഴിച്ചുള്ള ജില്ലകൾ പ്രവർത്തന പരിധിയായി നെല്ല് സംഭരണം പ്രധാന പ്രവർത്തനോദ്ദേശമായി 27.08.2021 തീയതിയിൽ 4505 നമ്പർ കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-

ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. 310 കോടി രൂപ അംഗീകൃത ഓഹരി മൂലധനവും കോട്ടയം ജില്ലയിലെ 43 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നിലവിൽ അംഗങ്ങളുമായിട്ടുള്ള ടി സംഘം കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ 9 ഏക്കർ 62 സെന്റ് സ്ഥലം വാങ്ങിച്ചു. കർഷകർക്ക് വരുമാനവും സാധാരണക്കാർക്ക് കുറഞ്ഞ വിലയിൽ അരി ലഭ്യമാക്കുകയുമാണ് ടി സംഘത്തിന്റെ പ്രധാന ലക്ഷ്യം. അരിയും മൂല്യവർദ്ധിത ഉല്പന്നങ്ങളും വിപണിയിൽ എത്തിക്കുന്നതിനായി സംഘം റൈസ് മില്ല് സ്ഥാപിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി ചേർന്ന് 08.11.2023 ൽ എം.ഒ.യു. ഒപ്പ് വച്ചിട്ടുള്ളതാണ്. ടി റൈസ് മില്ലിന്റെ നിർമ്മാണം 18 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള ഊർജ്ജിത നടപടി സ്വീകരിച്ച് വരുകയാണ്.

സഹകരണ ഉല്പന്നങ്ങൾ ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് ആവിഷ്കരിച്ച "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്റ്റ്സ്"എന്ന പദ്ധതിയുടെ ഭാഗമായി കൂടുതൽ കോപ്പ്മാർട്ടുകൾ ആരംഭിക്കുന്നതിനു അനുമതി നൽകുകയും നടപടി സ്വീകരിക്കുകയും ചെയ്തു. സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവണ്മെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകിയിട്ടുണ്ട്. coopkerala മാർക്കോട്ടുകൂടിയ ഉൽപന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ എത്തിക്കുകയുണ്ടായി. ഇനിയും കൂടുതൽ സഹകരണ ഉല്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടി തുടർന്ന് വരികയാണ്.

സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എറണാകുളം മറൈൻഡ്രൈവ് മൈതാനത്ത് വച്ച് 2022 ഏപ്രിൽ 18 മുതൽ 25 വരെ 8ദിവസങ്ങളിലായും 2023 ഏപ്രിൽ മാസം 22 മുതൽ 30 വരെ 9 ദിവസങ്ങളിലായും ചരിത്ര വിജയമായിതീർന്ന രണ്ട് സഹകരണ എക്സ്പോകൾ സംഘടിപ്പിച്ചു. എക്സ്പോയിലൂടെ എല്ലാ സഹകരണ സംഘങ്ങളുടെയും ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തിയതിനും പുറമെ അന്തർദേശീയ, ദേശീയ, സംസ്ഥാന

തലങ്ങളിൽ സഹകരണ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ, ഏറ്റെടുത്ത വെല്ലുവിളികൾ, നടപ്പിലാക്കി വരുന്ന ജനപ്രിയ പ്രവർത്തനങ്ങൾ എന്നിവ ജനങ്ങളിൽ എത്തിക്കുന്നതിനും സാധിച്ചു. സഹകരണ മേഖലയെ പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കുന്ന വിഷയങ്ങളെ ആസ്പദമാക്കി കാലിക പ്രസക്തിയുള്ള 11 സെമിനാറുകൾ വീതം വളരെ വിജയകരമായി രണ്ട് എക്സ്പോകളിലും നടത്തുകയുണ്ടായി. സഹകരണ മേഖലയിലെ സ്ഥാപനങ്ങൾ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്കു കൂടുതൽ വിപണി കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ എക്സ്പോ വേദിയിൽ ബിസിനസ് മീറ്റ് സംഘടിപ്പിച്ചു. അത് വഴി കൂടുതൽ ബിസിനസ്സ് ഓർഡറുകൾ ലഭിച്ചിരുന്നു.

2018 ൽ സംസ്ഥാനത്ത് ഉണ്ടായ പ്രളയദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് കെയർ ഹോം.

സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിനായി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ കീഴിൽ നീതി സ്റ്റോറുകൾ നടത്തിവരുന്നു.

ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽ അംഗങ്ങളായിട്ടുള്ള സംഘങ്ങളിലെ നിക്ഷേപകർക്ക് സംഘം ലിക്വിഡേഷനിലാകുമ്പോൾ നൽകുന്ന ഗ്യാരന്റി സ്കീം തുക 2 ലക്ഷത്തിൽ നിന്നും 5 ലക്ഷം രൂപയായി ഉയർത്തിയിട്ടുള്ളതാണ്.

ഗുരുതര രോഗം ബാധിച്ച സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ധനസഹായം നൽകുന്നതിനായി കേരള സഹകരണ അംഗ സമാശ്വാസ നിധി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി മുഖേന അർഹരായവർക്ക് ധനസഹായ വിതരണം നടത്തി വരുന്നു.

സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് “ മുറ്റത്തെ മുല്ല” ഗ്രാമീണ ലഘു വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു.

കോവിഡ് മഹാമാരിക്കാലത്ത് വിദ്യാർഥികളുടെ ഓൺലൈൻ പഠനം നടത്തുന്നതിനായി സഹകരണ സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി പലിശ രഹിത വായ്പ പദ്ധതിയായ വിദ്യാതരംഗിണി വായ്പാ പദ്ധതി നടപ്പിലാക്കി.

പ്രാഥമിക സഹകരണ ബാങ്ക്/ സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറുസംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായി ഓട്ടോറിക്ഷ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കുമായി വായ്പാ നൽകുന്നതിനുമായി 'സഹായ ഹസ്തം എന്ന വായ്പാ പദ്ധതി' നടപ്പിലാക്കി വരുന്നു.

ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പ നൽകുന്നതിനായി "സഹകരണം സൗഹൃദം" എന്ന പേരിൽ വായ്പാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

കച്ചവട വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ സർവ്വതോന്മുഖ അഭിവൃത്തിയും, വ്യാപാര വാണിജ്യ മേഖലയിൽ തൊഴിൽ എടുക്കുന്നവർക്കും ഇപ്പോൾ തൊഴിൽ നഷ്ടപ്പെട്ടവർക്കും അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നേടുന്നതിനും, പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഷോപ്പ് & കൊമേഴസ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് & ഗിഗ് വർക്കേഴ്സ് വെൽഫെയർ ഫെഡറൽ സഹകരണ സംഘം (കേരള സ്റ്റേറ്റ് ഷോപ്കോസ് ഫെഡ്) എന്ന പേരിൽ ഒരു സഹകരണ സംഘവും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

കേരളത്തിലെ ഐ.ടി &സയൻസ് ആൻഡ് ടെക്നോളജി പ്രൊഫെഷനലുകളുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഐടി പ്രൊഫെഷണൽ കോപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4515രൂപീകരിച്ചിട്ടുണ്ട്. ഐ.ടി പ്രൊഫെഷണലുകൾക്ക് വേണ്ടിയുള്ള സാധാരണ ബാങ്കിങ് ഇടപാടുകൾക്ക് പുറമെ, ഐ.ടി ജീവനക്കാർക്കുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾ, റീസ്കിൽ അപ്പ്സ്കിൽ ട്രെയിനിങ്ങുകൾ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്കു വേണ്ടിയുള്ള ഇൻഡസ്ട്രി ട്രെയിനിങ് പ്രോഗ്രാമുകൾ, സോഫ്റ്റ്‌വെയർ ഡെവെലപ്മെന്റ്, വിവിധ സോഫ്റ്റ്‌വെയർ

സർവീസസ് എന്നിവ നടപ്പിലാക്കുകയാണ് പ്രധാന പ്രവർത്തനോദ്ദേശങ്ങൾ.

ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം സഹകരണ വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാർക്കായി കോട്ടയം ജില്ല ആസ്ഥാനമായും സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കി രൂപീകരിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്ട്സ് അസ്സോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4512, വയനാട് ജില്ല ഒഴികെയുള്ള ജില്ലകൾ പ്രവർത്തന പരിധിയായി സംസ്ഥാനതലത്തിൽ തിരുവനന്തപുരം ആസ്ഥാനമായി രൂപീകരിച്ചിട്ടുണ്ട്. പ്രാദേശിക, ദേശീയ, അന്തർദേശീയ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതിലേയ്ക്കായി പരിസ്ഥിതി സൗഹാർദ്ദപരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക, സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള സ്റ്റേഡിയങ്ങൾ, കുളങ്ങൾ എന്നിവ പാട്ടത്തിനും, പുതുതായി നിർമ്മിച്ച് ഏറ്റെടുത്ത് കുട്ടികൾക്ക് കായിക പരിശീലനം നൽകുക, സ്കൂളുകൾ, കോളേജുകൾ പ്രാദേശിക അടിസ്ഥാനത്തിൽ സെലക്ഷൻ നടത്തി കായികാഭിരുചിയുള്ള വിദ്യാർത്ഥികളെ കണ്ടെത്തി പരിശീലിപ്പിക്കുക, കായിക വിനോദങ്ങൾക്കാവശ്യമായ ഉപകരണങ്ങളുടെ നിർമ്മാണം വിതരണം, സ്പോർട്ട്സ് സ്കൂളുകളും കോളേജുകളും ആരംഭിക്കുക, സ്പോർട്ട്സ്/ അത്ലറ്റിക്സ് മത്സരങ്ങൾ ഏറ്റെടുത്ത് നടത്തുക, ആയുഷ് വകുപ്പുമായി സഹകരിക്കുക, യോഗ ക്ലാസ്സുകൾ ആരംഭിക്കുക, പ്രകൃതി ചികിത്സ, ആയുർവേദ ചികിത്സ എന്നിവ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ ടി സംഘത്തിന്റെ പ്രധാന പ്രവർത്തനോദ്ദേശ്യങ്ങളാണ്

കേരളത്തിലെ തീരദേശ ജില്ലകളിലേയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലേയും മത്സ്യതൊഴിലാളികൾക്ക് വായ്പ നൽകുന്നതിനായി സ്നേഹതീരം വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നു.

പ്രതിസന്ധി നേരിടുന്ന സഹകരണ സംഘങ്ങളുടെ സംരക്ഷണത്തിനായി 'കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി-2023' എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| | | | | കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനംമുഴുവൻ പ്രവർത്തനപരിധിയായും Kerala State Artist & Artistes Co-operative Society Ltd. No.4506 (AARTICS) എന്നപേരിൽ കലാകാരൻമാരുടെ സഹകരണസംഘം 15.02.2022-ന് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു.<br><br>സംസ്ഥാനത്തെ പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവ ജനങ്ങളുടെ പങ്കാളിത്തം സഹകരണ മേഖലയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യം വച്ച് ഈ സർക്കാരിന്റെ രണ്ടാം ഘട്ട 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഒരു ജില്ലയിൽ ഒന്നു വീതം, 14 പട്ടിക ജാതി പട്ടിക വർഗ്ഗ യുവ ജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള പട്ടിക ജാതി-പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനും സാമ്പത്തിക സ്വയം പര്യാപ്തതയ്ക്കുമായി പുനർജനി പദ്ധതി 2022-23 വർഷം മുതൽ നടപ്പിലാക്കി വരുന്നു<br><br>'മാലിന്യമുക്ത കേരളം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന ക്യാമ്പയിന്റെ ഭാഗമായി സമ്പൂർണ്ണശുചിത്വം ലക്ഷ്യമിട്ട് സഹകരണ വകുപ്പ് "നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണവകുപ്പിലൂടെ" എന്നൊരു പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>കാർഷിക അനുബന്ധ മേഖലകളുടെ മത്സര ക്ഷമതയും പ്രവർത്തന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി, 2022-2023 സാമ്പത്തിക വർഷംമുതൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA).<br><br>സഹകരണവകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമേറ്റിക് സെന്ററുമായി (എൻ.ഐ.സി) ചേർന്ന് നടപ്പിലാക്കി.<br><br>സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിൽ പരീക്ഷാനടത്തിപ്പുകൾക്ക് നിലവിൽ അവലംബിച്ചുവരുന്ന നടപടികൾ സങ്കീർണ്ണമായതിനാൽ പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും ഫലപ്രദവും ആക്കുന്നതിന്റെ ഭാഗമായി സഹകരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിലെ നേരിട്ട് നിയമനങ്ങൾക്കായുള്ള മത്സര പരീക്ഷ സംവിധാനം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനായി ഒരു ഓൺലൈൻ സോഫ്റ്റ് വെയർ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | സഹകരണ ബാങ്കുകളുടെ പ്രവർത്തനം ഐ.ടി., ആരോഗ്യം, വിദ്യാഭ്യാസം, ഉല്പാദനം തുടങ്ങിയ വിവിധ മേഖലകളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വിവിധ സഹകരണസംഘങ്ങളുടെ പ്രവർത്തനം ഐ.ടി, ആരോഗ്യം, വിദ്യാഭ്യാസം, ഉൽപ്പാദനം തുടങ്ങിയ വിവിധ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. വായ്പാ സഹകരണ സംഘങ്ങളുടെ നവീകരണത്തിനായി ഒരു പൊതു സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനായി 450 ലക്ഷം രൂപ 2024-25 സാമ്പത്തികവർഷം സംസ്ഥാന പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്.<br><br>ആശുപത്രി സഹകരണസംഘങ്ങൾക്ക് ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിനും വിവിധ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും വിദ്യാഭ്യാസ സഹകരണസംഘങ്ങൾക്ക് വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും ഉൾപ്പെടെയുള്ള പദ്ധതികൾക്കായി മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 2024-25 സാമ്പത്തികവർഷം ആകെ 1800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷിക മേഖലയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കാർഷിക ഉൽപന്നങ്ങളുടെ ഉൽപ്പാദനം, സംയോജനം, സംഭരണം, മൂല്യവർദ്ധന, വിപണനം എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനായി സാങ്കേതിക വിദ്യാധിഷ്ഠിതകൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി എന്ന സംസ്ഥാന പദ്ധതിയിൽ 2024-25 സാമ്പത്തിക വർഷം ആകെ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>ഉൽപ്പന്നങ്ങളുടെ, പ്രത്യേകിച്ച് സഹകരണ ഉത്പന്നങ്ങളുടെ ഉത്പാദനം, സംഭരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, വിപണനം സംസ്കരണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനുള്ള ധനസഹായമായി 2024-25 സാമ്പത്തിക വർഷം ആകെ 725 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എല്ലാ ജില്ലകളിലും സഹകരണ ബാങ്കുകൾ ആരോഗ്യം, വിദ്യാഭ്യാസം, ഉല്പാദനം എന്നീ മേഖലകളിലേയ്ക്ക് അവയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചിട്ടുണ്ട്. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് വിവിധ സഹകരണ ബാങ്കുകൾ നീതി മെഡിക്കൽ സ്റ്റോർ, മെഡിക്കൽ ലാബ്, സ്കാനിംഗ് സെന്റർ, പോളിക്ലിനിക്കുകൾ, ഡയാലിസിസ് സെന്ററുകൾ എന്നിവ നടത്തിവരുന്നതിലൂടെ സാധാരണ ജനവിഭാഗങ്ങൾക്ക് കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ആംബുലൻസ് സൗകര്യവും നടത്തി വരുന്നു.<br><br>വിദ്യാഭ്യാസ മേഖലയിലും സഹകരണ ബാങ്കുകൾ മികച്ച സേവനം പ്രദാനം ചെയ്യുന്നു. വിവിധ സഹകരണ ബാങ്കുകൾ അവയുടെ പൊതു നന്മ ഫണ്ടിൽ നിന്നുള്ള തുകയിൽ നിന്നും നിരവധി സ്കൂളുകൾക്കും കോളേജുകൾക്കും ധനസഹായം നൽകിവരുന്നു. സ്റ്റുഡന്റ് മാർക്കറ്റുകൾ നടത്തുകയും ചെയ്തുവരുന്നു.<br><br>ഉൽപ്പാദന മേഖലയുമായി ബന്ധപ്പെട്ട് സഹകരണ ബാങ്കുകളുടെ കീഴിൽ ഫാർമേഴ്സ് സെന്ററുകൾ രൂപീകരിച്ച നെൽകൃഷി, പച്ചക്കറി കൃഷി എന്നിവ നടത്തിവരുന്നു. കർഷകർക്ക് ആവശ്യമായ വളം, കീടനാശിനികൾ എന്നിവ വിതരണം ചെയ്യുന്നതിനായി ചില സഹകരണ ബാങ്കുകൾ വളം വില്പന ശാലയും നടത്തിവരുന്നു. കൂടാതെ പല സഹകരണ ബാങ്കുകളും ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ നടത്തിവരുന്നു. |
| (സി) | സഹകരണ മേഖലയിലെ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ തിരഞ്ഞെടുത്ത് ഒറ്റ ബ്രാൻഡിന് കീഴിലാക്കി പൊതു ട്രേഡ്മാർക്കോടെ ഇ-കോമേഴ്സ് പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സഹകരണ മേഖലയിലെ ഗുണമേന്മയുള്ള ഉല്പന്നങ്ങൾ തെരഞ്ഞെടുത്ത് ഒറ്റ ബ്രാൻഡിന് കീഴിലാക്കി പൊതു ട്രേഡ് മാർക്കോടെ ഇ–കൊമേഴ്സ് പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരുന്നതിനു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>സഹകരണ ഉല്പന്നങ്ങൾക്ക് ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് ആവിഷ്കരിച്ച "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്റ്റ്സ്"എന്ന പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവണ്മെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകുകയും coopkerala മാർക്കോടുകൂടിയ സഹകരണ ഉൽപ്പങ്ങൾക്ക് ഓൺലൈൻ വിപണി ഒരുക്കുകയും ഉൽപ്പങ്ങൾ |

| | | | |
|---|---|---|---|
| | | | ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ എത്തിക്കുകയുമുണ്ടായി. ഇനിയും കൂടുതൽ സഹകരണ ഉൽപ്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതിനുള്ള നടപടി നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സഹകരണ മേഖലയിലെ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ തെരഞ്ഞെടുത്ത് ഒരു ബ്രാൻഡിനു കീഴിലാക്കി ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരുന്നതിന് സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം 71,862/- രൂപ സഹകരണവകുപ്പിന്റെ സംസ്ഥാനപദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ